# മുതിർന്ന പൗരൻന്മാർക്കായി

# ജില്ലാ പോലീസ് സൗഹൃദവേദി ഒരുക്കി




മുതിർന്ന പൗരന്മാർക്കായി എറണാകുളം റൂറൽ ജില്ല പോലീസ് ജനുവരി 26 റിപ്പബ്ലിക്ക് ദിനത്തിൽ പ്രശ്നപരിഹാര വേദിയും സൗഹൃദ സംഗമവും ഒരുക്കി.

എറണാകുളം റൂറൽ പോലീസ് ജില്ലയിലെ 3 സബ് ഡിവിഷനുകളെ കേന്ദ്രീകരിച്ചാണ് ജനുവരി 26 തീയതി മുതിർന്ന പൗരന്മാർക്ക് ജില്ലാ പോലീസിന്റെ ആഭിമുഖ്യത്തിൽ പ്രശ്നപരിഹാര വേദിയും സൗഹൃദ സംഗമവും സംഘടിപ്പിച്ചത്. രാവിലെ 9.30 മണിക്ക് ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ വച്ച് നടന്ന ചടങ്ങിൽ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് ഐ.പി.എസ്സ് ഉത്ഘാടന കർമ്മം നിർവ്വഹിച്ചു. ജില്ലാ നാർക്കോട്ടിക്ക് സെൽ ഡി.വൈ.എസ്.പി എം.ആർ.മധുബാബു, ആലുവ ഡി.വൈ.എസ്.പി ജി.വേണു, എറണാകുളം സീനിയർ സിറ്റിസൺ

കോർഡിനേറ്റർ കെ.ജയപ്രകാശ്, കോഴിക്കോട് ഗവണ്മെന്റ് ലോ കോളേജ് അസിസ്റ്റന്റ് പ്രൊഫസർ അഡ്വ. മിനി പോൾ എന്നിവർ സംസാരിച്ചു. മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സർക്കാർ സംവിധാനം ശക്തിപ്പെടുത്താനാണ് ഇതുവഴി ഉദ്ദേശിക്കുന്നതെന്നും, ന്യൂക്ലീയർ കുടുംബ സംവിധാനം വന്നതോടെ മുതിർന്ന പൗരന്മാർ ഒറ്റപ്പെടുന്നു അവർക്കായി സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്നും ഉത്ഘാടന പ്രസംഗത്തിൽ ജില്ലാ പോലീസ് മേധാവി അഭിപ്രായപ്പെട്ടു

ആലുവ സബ്ഡിവിഷന് കീഴിലുള്ള മുതിർന്ന പൗരന്മാർക്ക് ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ വച്ചാണ് പരിപാടി സംഘടിപ്പിച്ചത്. പെരുമ്പാവൂർ, മൂവാറ്റുപുഴ എന്നീ സബ്ഡിവിഷനു കീഴിലുള്ള മുതിർന്ന പൗരന്മാർക്ക് അതാത് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം കേന്ദ്രീകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്.

മുതിർന്ന പൗരന്മാർക്ക് അവർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ജില്ലാ പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും പ്രശ്നപരിഹാരത്തിന് ആവശ്യമായ പോലീസ് നടപടികൾ സ്വീകരിക്കുവാനും ഇതിലൂടെ സാധിച്ചു, മാത്രമല്ല ജീവിതസായാഹ്നം ചെലവിടുന്ന മുതിർന്ന പൗരന്മാർക്ക് അവരുടെ അനുഭവങ്ങൾ പോലീസുമായി പങ്കുവയ്ക്കുന്നതിനും അഭിപ്രായപ്രകടനം നടത്തുന്നതിനും നിർദ്ദേശങ്ങൾ പങ്കുവെക്കുന്നതിനും ഈ സൗഹൃദവേദി അവസരമൊരുക്കി.